2019 November / December • Vol.38 • Issue 6

# ഇടവക ദൂതൻ

(Private Circulation Only)

## 2019 Year of spirituality
## ആത്മീയതയുടെ വർഷം

ദൈവതേജസ് നമ്മെ ചുറ്റി മിന്നുന്നു. സ്വർഗ്ഗീയ ശാന്തി ഉള്ളങ്ങളിൽ നിറഞ്ഞ് ഒഴുകുന്നു. രാവുകളെ പകലുകളാക്കുന്ന പുൽക്കൂട്ടിലെ ശിശുവിന്റെ പുഞ്ചിരിയിൽ സമസ്ത ലോകവും പ്രകാശിതമാകുന്നു. നിലാവിൽ വിരിഞ്ഞ നിത്യതയുടെ പൂക്കാലം

| | |
|---|---|
| നവംബർ 3 | സൺഡേസ്കൂൾ ഞായർ |
| നവംബർ 10 | എക്യുമെനിക്കൽ ഞായർ |
| നവംബർ 17 | പെൺശിശു ഞായർ |
| ഡിസംബർ 15 | ആദ്യഫല പെരുന്നാൾ |
| ഡിസംബർ 24 | ക്രിസ്മസ് കരോൾ |
| ഡിസംബർ 25 | ക്രിസ്മസ് ആരാധന |
| ഡിസംബർ 26 | പ്രതിഷ്ഠാദിനം |
| ഡിസംബർ 29 | ഇടവക ക്രിസ്മസ് കരോൾ |

Merry Christmas
AND
HAPPY NEW YEAR



**ST. STEPHEN'S C.S.I. CHURCH**
**Vicar : REV. SAMJI K. SAM**
MUNDIAPPALLY P.O., THIRUVALLA - 689 581
Phone : 0469-2693232
email : csichurchmundiappally@gmail.com Website : www.csimdply.org
Estd. 1867

*In Loving Memory of*

**Our Ammachi (Mummy)**

**who has promoted to eternity on 8.10.1999**



**Date of Birth : 28-10-1934 Abode to Heaven : 08-10-1999**

# Late Mrs. Saramma Chacko

**W/o Mr. M.K. Chacko**

**Maruthoothara House, Kunnamthanam**

*Inserted by*

## M.K. Chacko

**Mary Chacko, Annie George and George Kuriakose**

**Elsy Chacko and Pramod Titus Thomas**

**and Grandchildren Jonathan, Glory, Sam**

# ഇടവകപ്പട്ടക്കാരന്റെ സന്ദേശം



## ശാലോം.... ഹല്ലേലൂയ്യാ!

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

സകല വിശുദ്ധരുടെയും നാളിൽ ആരംഭിക്കുന്ന നവംബർമാസ ആരാധന ക്രമം, ഡിസംബർ അവസാനം 'കർത്താവ് നല്ലവനാകുന്നു' എന്ന ധ്യാനത്തിലാണ് പൂർണ്ണമാകുന്നത്. സഭയുടെ ഏറ്റവും പ്രധാനമായ ശുശ്രൂഷകൾ എല്ലാം തന്നെ ഈ കാലയളവിനിടയിൽ കടന്നുവരുന്നു.

കുടുംബ സംഗമ യാത്ര ഈ വർഷം മിഷനറി പാരമ്പര്യത്തിന്റെ ഈറ്റില്ലത്തിലേക്കാണ്. നമ്മുടെ കുട്ടികൾക്കും യൗവ്വനക്കാർക്കും കാലാനുസൃതമായ മിഷനറി ദർശനം ലഭിക്കാൻ ഒരല്പം പുനഃക്രമീകരണങ്ങളോടെ ഓരോരുത്തരും സമയം കണ്ടെത്തും എന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ ദൈവാലയത്തിൽവച്ച് നടത്തപ്പെടുന്ന ഐക്യ ഞായർ ക്രമീകരണങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചുകൊണ്ട് പിതാക്കന്മാർ കൈമാറിയ സാക്ഷ്യപതാക ഉയർത്തിപ്പിടിക്കാം. നമ്മുടെ സണ്ടേസ്കൂൾ കുട്ടികൾ ജില്ലാതലത്തിലും മഹായിടവക തലത്തിലും വലിയ നേട്ടത്തിന് അർഹരായി. മുണ്ടിയപ്പള്ളി ഇടവകയിലെ കുട്ടികളുടെ താലന്ത്, അനേക വർഷങ്ങൾക്കുശേഷം മഹായിടവകതല റണ്ണർ അപ്പ് ട്രോഫി തിരുവല്ല ജില്ലയിൽ എത്തിക്കുവാൻ കാരണമായി. നേട്ടം കൈവരിച്ച കുട്ടികൾക്കും പിന്നണിയിലെ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

അൽമായ സംഘടന, സോണൽ മീറ്റിംഗ് നമ്മുടെ സഭയിൽ നടത്തപ്പെടുമ്പോൾ പ്രോഗ്രാം എന്നതിനേക്കാൾ നാം ശ്രദ്ധിക്കേണ്ടത് ഇടവക എന്ന നിലയിലുള്ള നമ്മുടെ ഒരുമയും ആത്മീയ ഐക്യവും എങ്ങനെ ഉയർത്തിപ്പിടിക്കാം എന്നുള്ളതാണ്. കൃത്യമായ പ്ലാനിങ്ങോടെ മാതൃകപരമായ ഒരു സുവിശേഷ സംഗമത്തിനായി നമുക്ക് സഭയെ ഒരുക്കാം. പിറ്റേദിവസം ഐക്യ ഞായറിനായും ഒരുങ്ങാം.

ഡിസംബർ 1-ാം തീയതി മുതൽ 'ആഗമന' കാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പൗരസ്ത്യ ക്രമമനുസരിച്ച് മറ്റൊരു 25

നോമ്പുകാലം. ലോകത്തെമ്പാടും ഉണ്ടായിക്കൊണ്ടിരിക്കുന്ന അടയാളങ്ങൾ മൂലം ക്രിസ്തുവിന്റെ വരവ് എക്കാലത്തേക്കാളും ലോകം ഗൗരവത്തിൽ കാണുന്നു. സഭ മനഃപൂർവ്വമായി ഈ ദൗത്യം പ്രസിദ്ധമാക്കണം. ക്രിസ്തുമസ് - സഭാദിന ആരാധനകളിൽ യഥാക്രമം ഈസ്റ്റ് കേരള, കൊല്ലം കൊട്ടാരക്കര ഡയോസിസൻ ബിഷപ്പുമാർ പങ്കാളികളാകുന്നു. ഡിസംബർ ആദ്യവാരം ബൈബിൾ ഞായറും അർത്ഥവത്തായി ആചരിക്കാൻ പ്രാർത്ഥനയോടെ ഒരുങ്ങാം.

ക്രിസ്തുമസിന്റെയും സെന്റ് സ്റ്റീഫൻസ് ദിനത്തിന്റെയും ആശംസകൾ നേരുന്നു.

കർത്തൃശുശ്രൂഷയിൽ

സാംജിയച്ചൻ

## സെപ്റ്റംബർ- ഒക്ടോബർ മാസം റിഫ്രഷ്മെന്റ് നൽകിയവരുടെ പേരുവിവരങ്ങൾ

| | |
|---|---|
| 1.09.2019 | അഭ്യുദയകാംക്ഷി |
| 8.09.2019 | സ്നേഹവിരുന്ന് |
| 15.09.2019 | കെ.കെ. കുരുവിള കുളങ്ങര സാജൻ വില്ല |
| 22.09.2019 | സി.എസ്.ഐ. ദിനം |
| 29.09.2019 | റ്റി.ബി. ജോർജ്ജ് തുണ്ടിയിൽ |
| 6.10.2019 | അഭ്യുദയകാംക്ഷി |
| 13.10.2019 | അഭ്യുദയകാംക്ഷി |
| 20.10.2019 | സ്ത്രീജനസഖ്യം ആദ്യഫല ഞായർ |
| 27.10.2019 | സാബു ഏബ്രഹാം തുരുത്തുമല |

## സ്നേഹവിരുന്ന്

**സെപ്റ്റംബർ 8 ഞായർ**

കച്ചിറയിൽ ജോൺസി ജേക്കബ്,
ജോർജി ജേക്കബ്, ജേക്കബ് കെ. ജേക്കബ്

# വാർത്തകളും കുറിപ്പുകളും

**വിശുദ്ധ ബപ്തീസ്മ**

ഒക്ടോബർ 24 സിയോണ മറിയം സൈജു ഇലഞ്ഞിമൂട്ടിൽ

**ചരമ അനുശോചനങ്ങൾ**

ഒക്ടോബർ 7ന് ചേച്ചാകുന്നിൽ തോമസ് മാത്യുവും (ബേബി 77) നവംബർ 2 ന് ചേച്ചാകുന്നിൽ സാബു ജോൺ എബ്രഹാമും (ജോണിക്കുട്ടി 60) നിത്യസ്വസ്ഥതയിൽ പ്രവേശിച്ചു. സഭയുടെ അനുശോചനങ്ങൾ.

**ഓണവാരം**

സെപ്റ്റംബർ 8, 15 ദിനങ്ങളിൽ പരസ്യയോഗങ്ങളും 14ന് ഒരു കോളനി തിരഞ്ഞെടുത്ത് ഭവന സന്ദർശനവും നടത്തി. കൺവീനർമാരുടെ നല്ല നേതൃത്വത്തിനും സഹകരണത്തിനും നന്ദി.

**സഹോദരീ ഇടവക ആവശ്യസന്ധാരണം**

തോലശ്ശേരി Bedsheet വില്പന, റാന്നി കോൺഫറൻസ്, വളഞ്ഞവട്ടം പാഴ്സനേജ് പണി എന്നീ സംരഭങ്ങളിൽ സഹകരിച്ചവർക്കു നന്ദി.

**നേട്ടം**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി B Arch പരീക്ഷയിൽ 1-ാം റാങ്ക് നേടിയ തൊട്ടിപ്പാറയ്ക്കൽ നവ്യ ആൻ തോമസിന് സഭയുടെ അഭിനന്ദനങ്ങൾ.

**സി.എസ്.ഐ. ദിനം**

ഡോ. അശോക് അലക്സ് ഫിലിപ്പ് മുഖ്യാതിഥി ആയിരുന്നു. പതാക ഉയർത്തൽ, പായസ വിതരണം എന്നിവ നടത്തപ്പെട്ടു.

**കമ്മ്യൂണിറ്റി ഫീസ്റ്റ്**

പള്ളി പാരിഷ്ഹാളിൽ നടത്തപ്പെട്ട സമൂഹവിരുന്ന് ആഘോഷകാലത്തിന് മാറ്റ് കൂട്ടി. കച്ചിറയിൽ സജി, ബിജു, ജോജി സഹോദരങ്ങളുടെ സാമ്പത്തിക സഹകരണത്തിന് നന്ദി.

**വയോജന ഞായർ**

സെപ്റ്റംബർ 29ന് ഡോ. ജോർജ് കോശി വചന ശുശ്രൂഷ നിർവ്വഹിച്ചു.

**ജില്ലാ യുവജന സമ്മേളനം**

ഏറ്റവും കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിച്ചതിനുള്ള ട്രോഫി നമ്മുടെ കുട്ടികൾ നേടി.

**യുവജന ഞായർ**

യുവജനങ്ങൾ പ്ലാനർ കാർഡ് വിതരണം ചെയ്തു. യുവജന വാരത്തോടനുബന്ധിച്ച് 25 ഭവനങ്ങൾ സന്ദർശിച്ചു. തുരുത്തി സഭാംഗം അൻസു സാറ ഉമ്മൻ വചന ശുശ്രൂഷ നിർവ്വഹിച്ചു. മഹായിടവക യുവജന സമ്മേളനത്തിലും നമ്മുടെ യുവജനങ്ങൾ പങ്കെടുത്തു.

**തിരുവല്ല കൺവൻഷൻ**

തോലശ്ശേരിയിൽ നടത്തപ്പെട്ടു. അവസാന ദിനം നമ്മുടെ സഭാംഗങ്ങൾ പ്രത്യേകം പങ്കെടുത്തു.

**സണ്ടേസ്കൂൾ**

ജില്ലാതലത്തിൽ ഒന്നാം സ്ഥാനം, മഹായിടവക തലത്തിൽ 2-ാം സ്ഥാനം

കൈവരിക്കുന്നതിന് പ്രധാന സഹകാരിയായി.

**സ്ത്രീജനസഖ്യം**

സെന്റ് മോണിക്കാസിൽ പങ്കെടുത്തു. മുണ്ടകപ്പാടം മന്ദിരങ്ങൾക്കുള്ള സഹായം നൽകി. ഇടവകതല ക്വിസിൽ അന്നമ്മ വർഗീസ്, ശോഭന ദാസ് എന്നിവർ 1-ാം സ്ഥാനവും സോമ ജോർജ്, മിനി ജോൺസൺ എന്നിവർ യഥാക്രമം 2ഉം 3ഉം സ്ഥാനങ്ങൾ നേടി.

എല്ലാ സ്ത്രീജനങ്ങളുടെയും ഹൃദയപൂർവ്വമായ സഹകരണത്താൽ 1 ലക്ഷത്തിൽ അധികം രൂപ ആദ്യഫലത്തിലൂടെ സമാഹരിച്ചു. സഹകരിച്ച വർക്ക് നന്ദി.

**ആശാഭവൻ ഞായർ**

ശ്രീമതി അനു ബിജു മത്തായി (ചെങ്ങരൂർ) വചന ശുശ്രൂഷ നിർവ്വഹിച്ചു.

**കീർത്തനം സംഗീതനിശ**

നമ്മുടെ ഗായകസംഘവും മറ്റ് പ്രമുഖ ടീമുകളോടൊപ്പം പങ്കെടുത്തു. ക്വയർ അംഗങ്ങളുടെ ക്രിസ്മസ് കാല ഒരുക്കങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.

**ഹോസ്റ്റൽ സൺഡേ**

50000ൽ അധികം രൂപ ഔദാര്യദാനമായി സമാഹരിച്ചു. ഹോസ്റ്റൽ നടത്തിപ്പിന് വ്യക്തിപരമായ സംഭാവനകൾ ഇനിയും ആവശ്യമുണ്ട്. വാർഷിക ആവശ്യം 5 ലക്ഷത്തിൽപ്പരം രൂപയാണെന്നത് വിസ്മരിക്കരുത്.

**അൽമായ സോണൽ സംഗമം**

നവംബർ 9ന് നമ്മുടെ സഭയിൽ നടത്തപ്പെടും. രാവിലെ 8.30നുള്ള വി. സംസർഗ്ഗ ശുശ്രൂഷയിൽ നമ്മുടെ പങ്കാളിത്തം മുഖ്യമാണ്.

**ജില്ലാ യുവജന കലാമേള**

ഡിസംബർ 1, 7 തീയതികളിൽ നമ്മുടെ ദൈവാലയ പരിസരങ്ങളിൽ നടത്തപ്പെടുന്നു.

**ഐക്യ ഞായർ**

ഇരവിപേരൂർ ഇമ്മാനുവൽ മാർത്തോമ്മാ ഇടവകയുമായി കാലങ്ങളായി തുടരുന്ന ഐക്യ ശുശ്രൂഷയ്ക്ക് ഈ വർഷം നാം ആതിഥേയത്വം വഹിക്കുന്നു. ആഘോഷമായ ആരാധന നവംബർ 10ന് നടത്തപ്പെടും.

**ക്രിസ്തുമസ് കരോൾ**

ഡിസംബർ 24 വൈകുന്നേരം നമ്മുടെ കരോൾ നടത്തപ്പെടും. ബിഷപ്പ് വി.എസ്. ഫ്രാൻസിസ് മുഖ്യാതിഥി ആയിരിക്കും.

**ആദ്യഫല സ്തോത്ര ശുശ്രൂഷ**

ഡിസംബർ 15 ഞായറാഴ്ച ദൈവാലയത്തിൽ.

**സഭാ സ്ഥാപക ദിനാചരണം**

ഡിസംബർ 26-ാം തീയതി പൂർവ്വാധികം ഭംഗിയായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ബിഷപ്പ് ഡോ. ഉമ്മൻ ജോർജ് മുഖ്യാതിഥി ആയിരിക്കും.

**ആണ്ടവസാന - പുതുവത്സര ആരാധന**

പതിവു ക്രമീകരണംപോലെ ദൈവാലയത്തിൽ നടത്തപ്പെടും. വിശദമായ സമയവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

സൺഡേസ്കൂൾഞായർ

# നമ്മുടെ കുഞ്ഞുങ്ങൾ നേർവഴിയിലോ?

**റോബി സി ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ**



**ചി**ല മാസങ്ങൾക്ക് മുൻപ് ഞങ്ങൾക്ക് റോഡ് മാർഗ്ഗം ഇന്ത്യയുടെ പല ഭാഗങ്ങളിൽ യാത്ര ചെയ്യേണ്ടതായി വന്നു. പലപ്പോഴും യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ഹൈവേയിൽ നിന്ന് മറ്റൊന്നിലേക്ക് മാറാൻ ഇടത് ട്രാക്കിൽ കൂടെ പോയാൽ മതിയാകും. അതിനാൽ ചൂണ്ടുപലക നന്നായി ശ്രദ്ധിച്ചില്ല എങ്കിൽ നാം അറിയാതെ തന്നെ ഹൈവേ മാറിപ്പോകാൻ സാദ്ധ്യത യുണ്ട്. ഹൈവേ മാറിപ്പോയാൽ ഡൽഹിയിൽ ചെല്ലേണ്ടതിനു പകരം മുംബെയിൽ ചെല്ലും. വളരെ വേഗത്തിൽ പോകുന്നതിനാൽ ഹൈവേ മാറിപ്പോയെന്ന് മനസ്സിലാക്കാൻ താമസിച്ചാൽ പഴയ പാതയിൽ എത്താൻ അനേക ദൂരം തിരിച്ചു യാത്ര ചെയ്യേണ്ടതായി വരും. അതിനാൽ ഇടയ്ക്കിടെ ഞങ്ങൾ നാവിഗേറ്ററിൽ പോകുന്ന പാത ശരിയാണോ എന്ന് ഉറപ്പു വരുത്തിക്കൊണ്ടേയിരിക്കും.

നമ്മുടെ കുഞ്ഞുങ്ങൾ ഇന്ന് എത്രയും വേഗം ഭാവിയിൽ ഉന്നത സ്ഥാനത്ത് എത്തിച്ചേരുന്നതിനുള്ള ഓട്ടത്തിലാണ്. ഓട്ടത്തിന്റെ വേഗത കുറഞ്ഞുപോയാൽ ശകാരിച്ചോ, പ്രോത്സാഹിപ്പിച്ചോ മാതാപിതാക്കൾ അവരുടെ വേഗത കൂട്ടും. ഇതിനിടെ അവരുടെ ആത്മീയ ഓട്ടത്തിന്റെ പാത ശരിയാണോ എന്ന് നാവിഗേറ്ററിൽ നോക്കാനോ, ചൂണ്ടുപലക ശ്രദ്ധിക്കാനോ സമയം കിട്ടിയെന്ന് വരികയില്ല. ജീവന്റെ വഴിവിട്ട് മരണത്തിന്റെ വഴിയിലേക്ക് മാറിപ്പോകുന്നത് മനസ്സിലാക്കാൻ താമസിച്ചാൽ നിത്യജീവൻ നഷ്ടപ്പെടുന്നു എന്ന് മാത്രമല്ല, ഈ ലോകത്തിൽ വച്ചുതന്നെ തകർച്ചയിലേക്ക് പോകാൻ ഇടയാകും. അതിന്റെ തെളിവാണ് വർദ്ധിച്ചുവരുന്ന ലഹരി വിമുക്ത കേന്ദ്രങ്ങൾ, വിവാഹമോചന കേസുകൾ, ക്രമാതീതമായി കൂടിവരുന്ന കുടുംബ കോടതികൾ, കുറഞ്ഞ ജീവിതസൗകര്യങ്ങൾ മുതൽ ഉയർന്ന ജീവിതസൗകര്യങ്ങൾ വരെയുള്ള വൃദ്ധസദനങ്ങൾ എന്നിവ.

ഓരോ ദിവസത്തിലെയും ഓട്ടത്തിനു ശേഷവും വചനമാകുന്ന നാവിഗേറ്ററിൽ സ്വന്തം അവസ്ഥ മനസ്സിലാക്കുവാൻ സാധിച്ചാൽ വഴി തെറ്റുന്നത് ഒഴിവാക്കുവാൻ സാധിക്കും. ഇതിനായുള്ള പരിശീലനത്തിൽ സൺഡേസ്കൂളിന്റെ സ്ഥാനം വളരെ പ്രധാനമാണ്. ഇന്ന് നമ്മുടെ സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികൾ 25-30 വർഷങ്ങൾക്ക് ശേഷം സഭയിലെ പ്രധാന സ്ഥാനങ്ങൾ വഹിക്കേണ്ടവർ എന്നു മാത്രമല്ല, സമൂഹത്തിൽ അനേക വ്യക്തികളെ സ്വാധീനിക്കുവാൻ കഴിയുന്ന സ്കൂൾ കോളേജ് അദ്ധ്യാപകരോ, ഡോക്ടേഴ്സോ, ഭരണാധികാരികളോ, ദൈവീക ശുശ്രൂഷകരോ ആകേണ്ടവരാണ്. ഇവർ ആയിരിക്കുന്ന സ്ഥാനങ്ങളിൽ ക്രിസ്തീയ സാക്ഷ്യം വഹിച്ചാൽ

അനേകരെ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് നയിക്കുവാൻ ഇവർക്ക് കഴിയും.

ഒരിക്കൽ യാത്രയിൽ നാവിഗേറ്റർ ആയി പ്രവർത്തിച്ചിരുന്ന ഫോണിൽ നിന്ന് "ജി.പി.എസ്. സിഗ്നൽ ലോസ്റ്റ്" എന്ന് തുടരെ തുടരെയുള്ള ശബ്ദം കേട്ട് എന്റെ കൂടെ യാത്ര ചെയ്തിരുന്ന സുവിശേഷകൻ ചോദിച്ചു, സഹോദരാ ഇത് എന്താണ് വിളിച്ചു പറയുന്നത്? മറുപടി പറഞ്ഞ വ്യക്തി വിശദീകരിച്ചു. നമ്മൾ ആയിരിക്കുന്ന ലൊക്കേഷൻ അനേക കിലോമീറ്റർ മുകളിലുള്ള ചില സാറ്റ്ലെറ്റിന്റെ സഹായത്താലാണ് നാവിഗേറ്റർ മനസ്സിലാക്കുന്നത്. ഈ സാറ്റ്ലെറ്റിൽ നിന്നുമുള്ള സിഗ്നൽ കിട്ടിയില്ല എങ്കിൽ അതിന് ലൊക്കേഷൻ മനസ്സിലാക്കുന്നതിനോ, നമുക്ക് വഴി പറഞ്ഞുതരുന്നതിനോ സാധിക്കില്ല. എന്റെ ജിപിഎസ് സിഗ്നൽ നഷ്ടപ്പെട്ടു, അതിനാൽ എന്നിൽ ആശ്രയിക്കരുതേ എന്നാണ് അത് വിളിച്ചു പറയുന്നത്.

ഇത് നമ്മുടെ കാര്യത്തിലും സത്യമാണ്. മാതാപിതാക്കളും, അദ്ധ്യാപകരുമായ നമുക്ക് കർത്താവുമായി നല്ല ബന്ധമുണ്ടെങ്കി ൽ മാത്രമേ നമ്മുടെ ആത്മീയ അവസ്ഥ മനസ്സിലാക്കാനോ കുഞ്ഞുങ്ങൾക്ക് വഴി പറഞ്ഞുകൊടുക്കാനോ സാധിക്കുകയുള്ളൂ.

യെശ. 6:1-8 - യെശയ്യാവിന് ദൈവീകദർശനം കിട്ടികഴിഞ്ഞപ്പോൾ സ്വന്തഅവസ്ഥ മനസ്സിലാക്കാനും, സ്വന്തകുറവുകൾ മനസ്സിലാക്കാനും സാധിച്ചു. അതുവരെ മറ്റുള്ളവരുടെ കുറവുകളെക്കുറിച്ച് സംസാരിച്ച യെശയ്യാവ് എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ എന്ന് ഉറക്കെ വിളിച്ചു പറയുന്നു. അതിനുശേഷം യെശയ്യാവ് ദൈവീകശുദ്ധീകരണം പ്രാപിച്ച് ദൈവീകശുശ്രൂഷയ്ക്കായി പോകുന്നു.

ഈ ആധുനികയുഗത്തിൽ പുതിയ തലമുറയോട് നമുക്ക് എന്ത് ചെയ്യുവാൻ കഴിയും?

ദൈവീക ശുശ്രൂഷയ്ക്കായി പുറപ്പെടുന്ന മോശ, യിരമ്യാവ്, സെരുബാബേൽ, യോശുവ എന്നിവരോട് ദൈവം പറഞ്ഞത് ഒന്നുതന്നെയാണ്. ഞാൻ നിങ്ങളോട് കൂടെ ഉണ്ടല്ലോ. അവരിൽ പലരും ബലഹീനരും, അവരുടെ മുൻപിലുള്ള പ്രശ്നം മഹാപർവതത്തിനു സമാനവുമായിരുന്നപ്പോഴും ദൗത്യത്തിനായി മുന്നിട്ടിറങ്ങിയപ്പോൾ മഹാപർവ്വതം സമഭൂമിയാകുകയും അവരുടെ ലക്ഷ്യം സാധിക്കുകയും ചെയ്തു.

ഇന്നു ഞാൻ നിന്നോടു കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കുമ്പോളും, കിടക്കുമ്പോളും എഴുന്നേക്കുമ്പോളും അവയെക്കുറിച്ച് സംസാരിക്കുകയും വേണം (ആവ. 6:7). ഇത് ദൈവകല്പനയാണ്.

ആഴ്ചയിൽ 168 മണിക്കൂറുള്ളതിൽ നമ്മുടെ കുട്ടികൾ വളരെ ബുദ്ധിമുട്ടി ദൈവവചന പഠനത്തിനായി മാറ്റിവയ്ക്കുന്നത് ഒരു മണിക്കൂർ ഏറിയാൽ ഒന്നര മണിക്കൂർ. എന്നാൽ നമ്മുടെ അടുത്തു തന്നെയുള്ള ചില അന്യമത വിശ്വാസികൾക്ക് ദിവസവും കുറഞ്ഞത് 2 മണിക്കൂറും, അവധി ദിവസങ്ങളിൽ 4 മണിക്കൂറും. അങ്ങനെ കുറഞ്ഞത് ആഴ്ചയിൽ 16 മണിക്കൂർ മതപഠനം നിർബന്ധമാണ്. ഇതിൽ തന്നെ അനേകർ രാവിലെയും വൈകിട്ടും 2 മണിക്കൂർ വീതം ആഴ്ചയിൽ 24 മണിക്കൂറിന് മുകളിൽ മതപഠനത്തിനായി മാറ്റിവയ്ക്കുന്നവരാണ്.

അടുത്ത തലമുറയെ വളർത്തിയെടുക്കാൻ അവർ കാണിക്കുന്ന താൽപര്യം നമ്മൾക്കുണ്ടോ? നമ്മുടെ കുഞ്ഞുങ്ങൾ മതം മാറിപോകുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്?

വ്യഭിചാരത്തിൽ പിടിച്ച സ്ത്രീയ്ക്ക് മാപ്പുകൊടുത്ത കരുണാമയനായ കർത്താവ് ഒരു ശിശുവിനെ അടുക്കൽ വിളിച്ച് ശിഷ്യന്മാരുടെ നടുവിൽ നിർത്തി പറഞ്ഞു (മത്തായി 18:1-6). എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തി കളയുന്നത് അവനു നന്ന്. കർത്താവ് കുഞ്ഞുങ്ങൾക്ക് കൊടുത്ത പ്രാധ്യാനം കൊടുക്കുവാൻ കർത്താവിന്റെ അനുകാരികളായ നമുക്ക് കഴിയുന്നുണ്ടോ?

ആത്മീയതയിൽ നമ്മേക്കാൾ ഒരുപടി മുന്നിൽ നിൽക്കുന്ന ഭാവിതലമുറയുള്ള നമ്മുടെ ദേശത്തെ സ്വപ്നം കണ്ട് നമുക്ക് പ്രവർത്തിക്കാം, അതിനായി പ്രാർത്ഥിക്കാം.

“ദേശത്തിലെ സകലജനമായുള്ളരേ, ധൈര്യപ്പെട്ടു വേല ചെയ്യുവിൻ എന്നു യഹോവയുടെ അരുളപ്പാട്, ഞാൻ നിങ്ങളോട് കൂടെ ഉണ്ടല്ലോ” (ഹഗ്ഗായി 2:04).

# ബംഗാൾ മിഷൻ- വൃത്താന്തങ്ങൾ

ഏവർക്കും മിഷന്റെ സ്നേഹ വന്ദനം.......



നമ്മുടെ മിഷന്റെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടക്കുന്നുവെന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്. മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇതിലൂടെ നിങ്ങളുമായി പങ്കിടുന്നതിന് ലഭിച്ച അവസരം വളരെ സ്വീകാര്യമാണ്. ഇതുവരെ നിങ്ങളിൽ നിന്ന് ലഭിച്ച പ്രാർത്ഥനയ്ക്കും, സഹകരണത്തിനുമായി നന്ദി അർപ്പിക്കുന്നു. കഴിഞ്ഞ മാസങ്ങളിൽ മുതിർന്നവർക്കായി വേദപഠനക്ളാസ്സുകളും, കുട്ടികൾക്കായി പഠനപരമായ ക്ളാസ്സുകളും, ഫിലിം ഷോകളും നടത്തി. മിഷന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ആളുകൾ ചേർന്ന് കൊണ്ടിരിക്കുന്നു. ഇപ്പോഴും നമ്മൾ അവിടെയുള്ള ഒരു ഭവനം കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്. എന്നാൽ സ്വന്തമായി ഒരു സ്ഥലം ലഭിക്കുവാൻ നിങ്ങളുടെ ഏവരുടെയും നിസ്വാർത്ഥമായ പ്രാർത്ഥനകൾ അപേക്ഷിക്കുന്നു.

മിഷന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനവും, പുതിയ തലങ്ങളിലേക്കുള്ള നിർദ്ദേശങ്ങളുമായി നമ്മുടെ മഹായിടവക മിഷൻ ബോർഡ് ഭാരവാഹികളായ റവ. മാത്യൂസ് പി. ഉമ്മൻ(ഡയറക്ടർ), റവ. ദാസ് ജോർജ്ജ്(സെക്രട്ടറി), റവ. രാജു ജേക്കബ് (നോർത്ത് ഇന്ത്യൻ മിഷൻ കോ-ഓഡിനേറ്റർ) മിഷൻ സന്ദർശിച്ചു. അവരുടെ ആത്മീയ സന്ദർശനം മിഷന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വളരെയധികം ഉത്തേജകമായി.

തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരുടെയും പ്രാർത്ഥനയും, സഹകരണവും ക്ഷണിച്ച് കൊണ്ട് നിർത്തട്ടെ.

പ്രാർത്ഥനയോടെ...........

**റവ. മാത്യു ഡാനിയേൽ**

മിഷനറി ഇൻ ചാർജ്ജ്

# ക്രിസ്തുമസ്

## അഹത്തിൽനിന്നും അനശ്വരനിലേക്ക്
## പരിമിതിയിൽനിന്നും അപരിമേയനിലേക്ക്

റവ. ലാൽജി ഫിലിപ്പ്, ഈട്ടിയ്ക്കൽ



ഒരു ക്രിസ്തുമസ് കാലഘട്ടത്തിൽ കുട്ടികളോടും യുവജനപ്രസ്ഥാന അംഗങ്ങളോടും സാധാരണയായി ചോദിക്കുന്ന ഒരു ചോദ്യം അവതാരകൻ ചോദിച്ചു. “ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ ആദ്യം നിങ്ങളുടെ മനസ്സിലേക്ക് വരുന്നതെന്താണ്?” പല ഉത്തരങ്ങൾ ഉയർന്നുകേട്ടു. ആദ്യം കേട്ടത് സാന്താക്ലോസ് അഥവാ ക്രിസ്തുമസ് അപ്പൂപ്പൻ, പിന്നീട് ക്രിസ്തുമസ് ട്രീ, കരോൾ, കേക്ക് എന്നിങ്ങനെ പല മറുപടികൾ ഉണ്ടായിരുന്നു. ഇതിൽ അവതാരകനെ ഏറ്റവും അത്ഭുതപ്പെടുത്തിയത് ആരും ക്രിസ്തു എന്നോ യേശു എന്നോ ഉത്തരം പറഞ്ഞില്ല എന്നതാണ്. ഈ ഉത്തരങ്ങളിൽ ഒന്നും ക്രിസ്തു ഇല്ലാത്തതിനാൽ ഒരിക്കലും കുട്ടികളെ കുറ്റപ്പെടുത്താൻ കഴിയില്ല. കാരണം ഏത് ആഘോഷങ്ങളിലും സ്മരണകളിലും നമുക്ക് പകർന്നുകിട്ടുന്ന അറിവുകളാണ് കൂടുതൽ സ്വാധീനിക്കുക. ക്രിസ്തുമസ് എന്നാൽ സാന്താക്ലോസിന്റെയും ക്രിസ്തുമസ് ട്രീ, കരോൾ, കേക്ക് ഇവയുടെ എല്ലാം ഒരു സീസണാണ്. ഇവയ്ക്കെല്ലാം ക്രിസ്തുമസ് ആഘോഷങ്ങളിൽ അതിന്റേതായ സ്ഥാനമുണ്ട്. പക്ഷേ ക്രിസ്തുവിനേക്കാൾ മറ്റൊന്നിന് സ്ഥാനം വരുമ്പോൾ നാം ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഏതൊരു ചരിത്രസംഭവത്തെയും നാം സ്മരിക്കുമ്പോൾ അതിനേക്കാൾ പിന്നീട് ഉപരിപ്ലവമായി കൂട്ടിച്ചേർത്ത ശീലുകൾ പ്രാധാന്യം കൈവരുന്ന കാലഘട്ടം. ക്രിസ്തുമസ് എന്ന പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ (Christ-Mass) ക്രിസ്തുവും ലോകത്തിനുവേണ്ടി സ്വയം ബലിയായിത്തീർന്ന തന്റെ ദൗത്യവുമായിരിക്കണം ആദ്യം മനസ്സിലേക്ക് വരേണ്ടത്.

ക്രിസ്തുജനനത്തിന് സാക്ഷിയാകുന്നവരിൽനിന്ന് തന്നെ അതിന്റെ അന്തഃസത്ത വായിച്ചെടുക്കാൻ കഴിയും. ഇതിൽ വളരെ പ്രാധാന്യത്തോടെ വായിക്കേണ്ട ഒരു ഭാഗമാണ് മറിയയുടെ പാട്ട് (ലൂക്കൊ. 1:46 –55). ഇതിന്റെ 52, 53 വാക്യങ്ങളിൽ നിലവിലിരിക്കുന്ന വ്യവസ്ഥിതിക്ക് എതിരായുള്ള ദൈവിക നീതിയാണ് ദൈവപുത്രന്റെ ജനനം എന്ന് സൂചിപ്പിക്കുന്നു. സമൂഹത്തിൽ ഉന്നത സ്ഥാനം അലങ്കരിച്ചിരുന്ന പ്രഭുക്കന്മാരിലോ സമ്പന്നരിലോ അല്ല ക്രിസ്തു ഉളവാകുന്നത്. ദരിദ്രയായ ഒരു സാധാരണക്കാരിയായ മറിയയിലാണ്. ദൈവം താഴ്മയുള്ളവരുടെ പക്ഷത്താണ്. സമ്പത്തിന്റെയും അധികാരത്തിന്റെയും അഹന്തയുടെയും മദ്ധ്യേ ദൈവമില്ല. അതിനാൽ അഹത്തിൽനിന്നും അനശ്വരനായ ദൈവപുത്രനിലേക്ക് വളരാനുള്ള ഒരു

വെല്ലുവിളിയാണ് ക്രിസ്തുമസ്. നമ്മിലെ അഹംഭാവങ്ങൾ അലിഞ്ഞു തീരട്ടെ, അവിടെ താഴ്മയുടെയും വിനയത്തിന്റെയും ഭാവങ്ങൾ രൂപപ്പെടട്ടെ. അങ്ങനെ അഹത്തിൽനിന്നും അനശ്വരനിലേക്കുള്ള വളർച്ച സംഭവ്യമാകട്ടെ.

അതോടൊപ്പം പരിമിതിയുടെ മദ്ധ്യേ അപരിമേയനിലേക്ക് നോക്കാൻ പ്രേരിപ്പിക്കുന്ന ഉത്സവമാണ് ക്രിസ്തുമസ്. ഇതിന് മകുടമായ ദൃഷ്ടാന്തമാണ് ആട്ടിടയർ. ഉണ്ണിയേശു ജാതനായ വാർത്ത എന്തുകൊണ്ട് ആദ്യമായി ആട്ടിടയരെ അറിയിച്ചു? രാജാക്കന്മാരെയും മതനേതൃത്വത്തെയും പുരോഹിതവൃന്ദങ്ങളെയുമല്ലേ അറിയിക്കേണ്ടിയിരുന്നത്? ഒരിക്കലും മനുഷ്യൻ കല്പിക്കുന്ന മുൻഗണനാക്രമമല്ല ദൈവം കല്പിക്കുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഉല്പത്തി പുസ്തകം നാലാം അദ്ധ്യായത്തിൽ ഹാബേലിന്റെ കാലം മുതൽ തന്നെ ഇടയന്മാരെക്കുറിച്ച് നമുക്ക് അറിവു ലഭിക്കുന്നു. യാക്കോബ്, മോശെ, ദാവീദ് തുടങ്ങി യിസ്രായേലിന്റെ ചരിത്രത്തിലെ പ്രധാന വ്യക്തിത്വങ്ങളെല്ലാം ആട്ടിടയന്മാരായിരുന്നു. എന്നാൽ പുതിയനിയമ കാലത്ത് ആട്ടിടയൻ എന്നത് മാന്യതയുള്ള ഒരു തൊഴിലായി കണക്കാക്കിയിരുന്നില്ല. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ യഹൂദസമൂഹത്തിൽനിന്നും പുറംതള്ളപ്പെട്ട ഒരു വിഭാഗമായിരുന്നു. അതിനാൽ തന്നെ ഒരു പ്രതീക്ഷയുമില്ലാത്ത ഒരു വിഭാഗമായി നമുക്ക് ആട്ടിടയന്മാരെ ദർശിക്കാൻ കഴിയും. ഇത്തരം ഒരു ജനതതിയോടാണ് ദൈവപുത്രന്റെ ജനനത്തെക്കുറിച്ച് ആദ്യം അറിയിക്കുന്നത്. ഈയൊരു പ്രവൃത്തിയിൽനിന്നു തന്നെ ക്രിസ്തുവിന്റെ ദൗത്യം എന്തെന്ന് വ്യക്തമാണ്. ആരെയാണ് അത് ലക്ഷ്യമിടുന്നത് എന്നും നിശ്ചയമാണ്. ജീവിതത്തിലെ പരിമിതികളുടെ മദ്ധ്യേ ആയിരുന്ന ഇടയന്മാർക്ക് ക്രിസ്തുദർശനം ജീവിതത്തിൽ പുതിയ ഒരു കാഴ്ചപ്പാട് ഉളവാക്കി.

'Chicken Soup for the Soul' എന്ന ലോകപ്രശസ്തമായ പുസ്തക പരമ്പരയിലെ മൂന്നാം ഭാഗത്ത് 'What Courage Looks Like' എന്ന ഒരു അനുഭവകഥയുണ്ട്. ഇത് ഒരു വിമാനാപകടത്തിന്റെ പശ്ചാത്തലത്തിൽ അതിലെ ഒരു യാത്രക്കാരന്റെ നിരീക്ഷണമാണ്. വിമാനത്തിന്റെ ഹൈഡ്രോളിക്ക് സംവിധാനം തകരാറിലായതിനാൽ അത് ഇടിച്ചിറക്കുന്നതിനെക്കുറിച്ച് പൈലറ്റിന്റെ അറിയിപ്പ് വന്നു. വിമാനത്തിന്റെ ഭാരം കുറയ്ക്കുന്നതിനായി അതിലെ ഇന്ധനം അതോടൊപ്പം തുറന്നുവിടുകയാണ്. ഏതു സമയവും വിമാനം തീപിടിക്കുന്നതിനോ, ഇടിച്ചിറക്കുമ്പോൾ തകരാനോ സാദ്ധ്യതയുണ്ട്. സമൂഹത്തിലെ ഉന്നത അധികാരസ്ഥാനങ്ങൾ വഹിക്കുന്നവരും ബിസിനസുകാരുമാണ് യാത്രക്കാരിലേറെയും. ധൈര്യത്തിന്റെ പ്രതീകമാകേണ്ട അവരെല്ലാം തന്നെ ജീവഭയംകൊണ്ട് നിലവിളിക്കുകയാണ്. ചിലർ സീറ്റിൽത്തന്നെ മുറുകെപ്പിടിച്ചുകൊണ്ട് വിങ്ങിപ്പൊട്ടുകയാണ്. ഇതിനിടയിൽ ലേഖകൻ വിമാനത്തിൽ എവിടെനിന്നെങ്കിലും ധൈര്യം നൽകുന്ന, സാന്ത്വനം പകരുന്ന ഒരു ശബ്ദത്തിനായി കാതോർത്തു. കേട്ടത് മൃദുവായ ഒരു സ്ത്രീശബ്ദമാണ്. ഒരമ്മ തന്റെ നാല് വയസ്സുള്ള കുഞ്ഞിനോട് സംസാരിക്കുന്നു. ചുറ്റുമുള്ള ഭയപ്പെടുത്തുന്ന നിലവിളികളിലേക്കല്ല കുഞ്ഞിന്റെ ശ്രദ്ധ മുഴുവൻ അമ്മയുടെ കണ്ണുകളിലേക്കാണ്. അമ്മ പറയുന്ന വാക്കുകളുടെ ചുരുക്കം ഇങ്ങനെയാണ്: "കുഞ്ഞേ, നീ ഒന്നും കാര്യമാക്കേണ്ട, അമ്മ മോളെ എപ്പോഴും സ്നേഹിക്കുന്നു, മോളൊരു നല്ല കുട്ടിയാണ്. അമ്മ എപ്പോഴും മോൾടെ കൂടെയുണ്ടായി

രിക്കും.'' ആ വിമാനത്തിൽ ഈ കുഞ്ഞിനേക്കാൾ ധൈര്യമുള്ള മറ്റൊരു മുഖത്തെ ആ ലേഖകൻ കണ്ടില്ല. പിന്നീട് വിമാനം അത്ഭുതകരമായി അപകടത്തിൽനിന്നും രക്ഷപ്പെട്ടു.

സംഘർഷങ്ങളുടെയും പരിമിതികളുടെയും മദ്ധ്യേ പ്രതീക്ഷ നൽകുന്ന, സാന്ത്വനത്തിന്റെ അംശമാണ് ക്രിസ്തുജനനം. ജീവിതത്തിൽ ഒന്നുമില്ലാത്തവർ, ഒരു പ്രതീക്ഷപോലും ഇല്ലാത്തവർ എങ്ങനെ സന്തോഷിക്കും. അത് തികച്ചും നിഗൂഢമാണ്. ചില താൽക്കാലിക നേട്ടങ്ങളും ഭൗതികമായി നാം സ്വായത്തമാക്കുന്ന സുഖസൗകര്യങ്ങളുമാണ് പലപ്പോഴും നമ്മുടെ സന്തോഷങ്ങൾക്കടിസ്ഥാനം. പരിമിതികളിലെ പരമാനന്ദം എന്ന നിഗൂഢതയുടെ ഉത്തരമാണ് ക്രിസ്തു. ഈ സന്തോഷം കേവലം നിർജീവമായ വസ്തുക്കളിൽ അടിസ്ഥാനപ്പെട്ടതല്ല. ദൂതൻ അവരോടു പറഞ്ഞ വാക്കുകളിൽ അതിന്റെ മർമ്മം ഉൾക്കൊള്ളുന്നു. ലൂക്കൊസ് 2:11 – "കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.'' ജീവിതത്തിന്റെ ചുറ്റുപാടുമുള്ള സംഘർഷങ്ങളിൽനിന്നും പരിമിതികളിൽനിന്നും നമ്മുടെ ശ്രദ്ധ ദൈവപുത്രനിലേക്കുയർത്താൻ ആധാരമായ അടയാളമാണ് ക്രിസ്തുമസ്.

ഉണ്ണിയേശുവിന്റെ ജനനത്തോടനുബന്ധിച്ച് മറിയയും യോസേഫും ആട്ടിടയരും വിദ്വാന്മാരും നടത്തുന്ന പ്രയാണങ്ങൾ ശ്രദ്ധേയമാണ്. ഒരർത്ഥത്തിൽ ഈ പ്രയാണങ്ങളാണ് ക്രിസ്തുമസിനെ യാഥാർത്ഥ്യമാക്കുന്നത്. ക്രിസ്തുവിനെ വഹിച്ചുകൊണ്ടുള്ള മറിയയുടെയും യോസേഫിന്റെയും പ്രയാണം, ആടുകളെ തുറസ്സായ സ്ഥലത്ത് വിട്ടിട്ട് ക്രിസ്തുവിനെ ദർശിക്കാൻ പുറപ്പെടുന്ന ഇടയന്മാർ, ഒരു ലക്ഷ്യത്തെ (നക്ഷത്രം) മാസങ്ങളോളം പിന്തുടർന്ന് ക്രിസ്തു എന്ന പരമലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്ന വിദ്വാന്മാർ. ഈ ക്രിസ്തുമസ് കാലഘട്ടം ഒരു ആത്മീകപ്രയാണത്തിന്റെ കാലമായി മാറട്ടെ. അഹത്തെ അലിയിച്ച് അനശ്വരനിലേക്കുള്ള ഒരു പ്രയാണം, പരിമിതികളെ മറന്ന്, അപരിമേയനിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രയാണം.

## പ്രധാന ദിനങ്ങൾ

**നവംബർ**

| | | |
|---|---|---|
| 3 | 10 am | സൺഡേസ്കൂൾ ഞായർ |
| 10 | 10 am | എക്യുമെനിക്കൽ ഞായർ |
| 17 | 10 am | പെൺശിശു ഞായർ |

**ഡിസംബർ**

| | | |
|---|---|---|
| 14 | | ബഥേൽ ദിനം |
| 14 | 8 am | മുതൽ ആദ്യഫല സാധന ശേഖരണം ഭവനങ്ങൾ സന്ദർശിക്കുന്നു |
| 15 | 8 am | ആദ്യഫല പെരുന്നാൾ |
| 24 | 7 pm | ക്രിസ്മസ് കരോൾ |
| 25 | 8 am | ക്രിസ്മസ് ആരാധന |
| 25 | 7 pm | പ്രതിഷ്ഠദിന ഒരുക്കയോഗം |
| 26 | 9 am | പ്രതിഷ്ഠദിനം |
| 29 | 7 pm | ഇടവക ക്രിസ്മസ് കരോൾ |
| 31 | 11.30 pm | വർഷാവസാന ആരാധന |

# ദശാംശസ്തോത്രം/ഔദാര്യദാനസമർപ്പണം

## ഓഗസ്റ്റ് – സെപ്റ്റംബർ

| | പേര് | തുക |
|---|---|---|
| **1 –ാം വാർഡ്** | | |
| 1 | അച്ചാമ്മ തോമസ്, പാമല പുത്തൻവീട് | 1000 |
| 2 | മറിയാമ്മ കുര്യൻ, പാമല പുത്തൻവീട് | 1000 |
| 3 | പി.സി. അലക്സാണ്ടർ, പാമല പുത്തൻവീട്ടിൽ | 1000 |
| 4 | എം.കെ. ചാക്കോ, മരുതുത്തുറ | 3500 |
| 5 | ജോൺ ചാക്കോ, കച്ചിറ | 2000 |
| 6 | എ.വി. വറുഗീസ്, ഏടേട്ട് | 400 |
| 7 | വറുഗീസ് റ്റി. കുരുവിള, തൈപ്പറമ്പിൽ | 1000 |
| 8 | കെ.ജെ. വറുഗീസ്, കോട്ടയ്ക്കാപ്പറമ്പിൽ | 400 |
| 9 | ഫിലിപ്പ് ഹാനോക്ക്, പടിഞ്ഞാറേക്കുറ്റ് | 1000 |
| 10 | ബാബു ജോർജ് ഏബ്രഹാം, ചേച്ചാകുന്നിൽ | 700 |
| 11 | പി.ജി. വറുഗീസ്കുട്ടി, മണ്ണിൽപീസ്ലാൻഡ് | 300 |
| 12 | ശോശാമ്മ ചെറിയാൻ, മുണ്ടയ്ക്കൽമലയിൽ | 150 |
| 13 | വർഗീസ് പി. ഹാനോക്ക്, പടിഞ്ഞാറേക്കുറ്റ് | 1600 |
| 14 | പി.വി. തങ്കച്ചൻ, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 15 | ഉഷാ വറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 16 | ആശിഷ് വറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 2000 |
| 17 | ഏലിയാമ്മ ഏബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 1500 |
| 18 | കുഞ്ഞുമോൻ തോമസ്, വാണിയപ്പുരയ്ക്കൽ | 150 |
| 19 | ചെറിയാൻ യോഹന്നാൻ, ഇലഞ്ഞിമൂട്ടിൽ | 100 |
| 20 | അച്ചാമ്മ പൗലോസ്, താഴികമലയിൽ | 2000 |
| 21 | സ്വാമിദാസ്, പൂമാത്തിവിള | 700 |
| 22 | മറിയാമ്മ ഐസക്ക്, പാറടിയിൽ | 2000 |
| 23 | സാബു ജോൺ ഏബ്രഹാം, ചേച്ചാകുന്നിൽ | 1000 |
| 24 | പി.സി. ജോൺ, ഓവിൽ പുതുപ്പറമ്പിൽ | 500 |
| 25 | ജോൺസൺ റ്റി.പി., തെക്കേക്കര | 1000 |
| 26 | വർഗീസ് വർഗീസ്, പാറയിൽ പറമ്പത്ത് | 2000 |
| 26 | പി.വി.ഇട്ടി മണ്ണിൽ മലയിൽ | 50 |
| | **2 –ാം വാർഡ്** | |
| 27 | മാത്യു ചെറിയാൻ, തുണ്ടിയിൽവടക്കേതിൽ | 1000 |
| 28 | ജോർജ് ചെറിയാൻ തുണ്ടിയിൽ വടക്കേതിൽ | 1000 |

| | | |
|---|---|---|
| 29 | കെ.കെ ജോർജ്, കൊച്ചുതുണ്ടിയിൽ | 400 |
| 30 | ഗീവർഗീസ് മാത്യു, പാണംകുളത്ത് | 500 |
| 31 | വർക്കി കുരുവിള, തൈപ്പറമ്പിൽ | 200 |
| 32 | റ്റി.ബി. ജോർജ്, തുണ്ടിയിൽ | 500 |
| 33 | ഷാജി ജോർജ്, മുല്ലപ്പള്ളിൽ | 1500 |
| 34 | വർക്കി ജോർജ്, അമ്പാട്ടുകുന്നേൽ | 1000 |
| 35 | ഏലിയാമ്മ ഈശോ, ഇലവിനാകുഴിയിൽ | 600 |
| 36 | ചാണ്ടി സി. തോമസ് തൊട്ടിപ്പാറയ്ക്കൽ | 250 |
| 37 | സുരേഷ് കുര്യൻ, തുണ്ടിയിൽ | 500 |
| 38 | സൂസൻ തോമസ്, കാലാപ്പറമ്പിൽ | 2000 |
| 39 | സുനോജ് ജേക്കബ് കുര്യൻ, തുണ്ടിയിൽ | 500 |
| 40 | പി.വി.മാത്യു പാറടിയിൽ | 200 |
| | **3 –ാം വാർഡ്** | |
| 42 | സാം സി. കുരുവിള, ഇലവുങ്കൽ മേലേക്കുറ്റ് | 350 |
| 43 | കോരുള ജോൺ, ഇലവുങ്കൽ | 300 |
| 44 | ഇ.ജി. ജോൺ, ഇലവുങ്കൽ | 1200 |
| 45 | റവ. ഇ.ജി. കോരുള, ഇലവുങ്കൽ | 1200 |
| 46 | മറിയാമ്മ യോഹന്നാൻ, പൊരിവട്ടായിൽ | 1000 |
| 47 | ജോസഫ് തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 2000 |
| 48 | അന്നമ്മ കുരുവിള, തൊട്ടിപ്പാറയ്ക്കൽ | 1400 |
| 49 | ബെൻസി കെ. തോമസ് തൊട്ടിപ്പാറയ്ക്കൽ | 1300 |
| 50 | പി.എം. മാത്തുക്കുട്ടി, പണിക്കന്റേത്ത് തൊട്ടിപ്പായ്ക്കൽ | 1500 |
| 51 | ശോശാമ്മ മത്തായി, ഇലവിനാക്കുഴിയിൽ | 200 |
| 52 | മേരി ചാണ്ടി, മൈലയ്ക്കൽ പുത്തൻപറമ്പിൽ | 1400 |
| 53 | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 600 |
| 54 | ഇ.സി. മാത്യു, ഇലവിനാക്കുഴിയിൽ | 600 |
| 55 | തോമസ് കെ. വർക്കി, കൊച്ചുതുണ്ടിയിൽ റിജുഭവൻ | 2000 |
| 56 | പി.എം. സൂസന്ന എബനേസർവില്ല | 750 |
| 57 | ചിന്നമ്മ ചാണ്ടി ഇലവിനാക്കുഴിയിൽ | 400 |
| 58 | റോയി വർഗീസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 500 |
| 59 | വർഗീസ് ജോൺ, കോടംപള്ളിൽ | 250 |
| 60 | എം.സി. ഏബ്രഹാം, മൈലയ്ക്കൽ | 400 |
| 61 | ഏലിയാമ്മ തോമസ്, മലയ്ക്കൽ | 100 |
| 62 | എം.എം. ഏബ്രഹാം, മൈലയ്ക്കൽ | 2000 |
| 63 | മറിയാമ്മ വർക്കി, വടക്കേമുണ്ടയ്ക്കൽ | 1500 |
| 63 | ജോർജ് പി ജോൺ, പവ്വത്തിലാത്ത് | 500 |

| | | |
|---|---|---|
| 64 | കുരുവിള മാത്യു, മുണ്ടയ്ക്കമണ്ണിൽ | 200 |
| | **4 – ാം വാർഡ്** | |
| 64 | റവ. സാംജി കെ. സാം, പാഴ്സനേജ് | 2700 |
| 65 | എം.വി. കോശി, മുണ്ടയ്ക്കമലയിൽ | 400 |
| 66 | വറുഗീസ് ഈപ്പൻ, പാറയിൽ പീസ് കോട്ടേജ് | 2000 |
| 67 | കെ.കെ. ഏബ്രഹാം, കുളങ്ങര രഹബോത്ത് | 400 |
| 68 | സജി ഏബ്രഹാം, കുളങ്ങര രഹബോത്ത് | 4000 |
| 69 | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ | 500 |
| 70 | റ്റി.എ. വർഗീസ്, താഴികയിൽ | 550 |
| 71 | ചാണ്ടി അലക്സാണ്ടർ, ആഞ്ഞിലിമൂട്ടിൽ | 600 |
| 72 | വി.എ. മാത്യു, വെള്ളൂച്ചേരിൽ | 600 |
| 73 | ഡോ. വി.ജെ. വറുഗീസ്, പാറയിൽ | 1500 |
| 74 | ഏലിയാമ്മ ചെറിയാൻ, താഴികയിൽ | 600 |
| 75 | എബ്രാഹാം സി ജോർജ്ജ്, ചേച്ചാകുന്നിൽ | 1000 |
| 76 | ഷൈജു കെ. വർഗീസ്, കൊച്ചുതുണ്ടിയിൽ | 300 |
| 77 | വിജയരാജ് മുണ്ടയ്ക്കൽ | 100 |
| 78 | റെജി വർഗീസ്, കാഞ്ഞിരത്തിങ്കൽ | 2000 |
| 79 | അന്നമ്മ ഏബ്രഹാം, പാറയിൽ വള്ളോംകുന്നിൽ | 500 |
| 80 | അന്നമ്മ ചെറിയാൻ, മുണ്ടയ്ക്കൽമലയിൽ | 800 |
| 81 | ഏബ്രഹാം വർഗീസ്, മഠത്തിൽ | 600 |
| 81 | കുര്യൻ കെ ജോൺ, കാഞ്ഞിരത്തിങ്കൽ | 500 |
| | **5 – ാം വാർഡ്** | |
| 81 | റേച്ചൽ ജോർജ്, കാലാപ്പറമ്പിൽ | 600 |
| 82 | റിബേക്കാ ജോൺ, തൈപ്പറമ്പിൽ | 1000 |
| 83 | ഷിബു ഏബ്രഹാം, നെല്ലിമൂട്ടിൽ | 1000 |
| 84 | അച്ചാമ്മ കുര്യൻ കൊച്ചുതുണ്ടിയിൽ | 350 |
| 85 | സഖറിയ ജോൺ, തുണ്ടിയിൽ | 1000 |
| 86 | ജോജോ സഖറിയ, തുണ്ടിയിൽ | 200 |
| 87 | മാത്യു കെ. വർക്കി, കൊച്ചുതുണ്ടിയിൽ | 500 |
| 88 | കെ. ഷൺമുഖം, നെല്ലിമൂട്ടിൽ | 200 |
| 89 | കെ.ജി. മാത്തുക്കുട്ടി, കാരിമൂട്ടിൽ | 1000 |
| 90 | ലീലാമ്മ ഏബ്രഹാം, കാരിമൂട്ടിൽ | 400 |
| 91 | ആലീസ് ജോസഫ്, നെല്ലിമൂട്ടിൽ | 700 |
| 92 | സോമൻ ജോസഫ്, നെല്ലിമൂട്ടിൽ | 1250 |
| 93 | ചാണ്ടി എൻ. ജോർജ്, നെല്ലിമൂട്ടിൽ | 1000 |
| 94 | കെ.വി. ജോൺ, കൊച്ചുതുണ്ടിയിൽ ജോയി ഭവൻ | 1500 |

| | | |
|---|---|---|
| 95 | സാം വി. ജേക്കബ് തൈപ്പറമ്പിൽ | 2000 |
| 96 | കെ.വി. വർഗീസ്, കൊച്ചുപുരയ്ക്കൽ | 450 |
| 97 | കെ.കെ. ചെറിയാൻ കൊച്ചുപുരയ്ക്കൽ | 2000 |
| 98 | വിനു കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 1000 |
| 99 | സാബു ജോൺ കോരുത്, കൊച്ചുമണ്ണിൽ | 2000 |
| 100 | വർഗീസ് തോമസ്, കൊച്ചുമണ്ണിൽ | 400 |
| 101 | കെ.റ്റി. വർക്കി, കൊച്ചുതുണ്ടിയിൽ | 500 |
| 102 | വർഗീസ് ജേക്കബ്, തൈപ്പറമ്പിൽ | 250 |
| 103 | അന്നമ്മ വർഗീസ്, ജിമ്മിവില്ല | 100 |
| 104 | അന്നമ്മ ജേക്കബ്, നെല്ലിമൂട്ടിൽ വടക്കേതിൽ | 2000 |
| | **6 – ാം വാർഡ്** | |
| 105 | കൊച്ചിട്ടി ഏബ്രഹാം, മണ്ണിൽ | 400 |
| 106 | ഈപ്പൻ കെ. ചെറിയാൻ, കട്ടത്ര | 1000 |
| 107 | ഇ.വി. ചെറിയാൻ, ഈട്ടിയ്ക്കൽ | 200 |
| 108 | ഇ.വി. ജേക്കബ്, ഈട്ടിയ്ക്കൽ | 300 |
| 109 | ഇ.വി. ഏബഹാം. ഈട്ടിയ്ക്കൽ | 200 |
| 110 | ഇ.വി. ജോർജ്, ഈട്ടിയ്ക്കൽ | 400 |
| 111 | സൂസമ്മ ജോർജ്, ആഞ്ഞിലിമൂട്ടിൽ | 4000 |
| 112 | എ. ഏബ്രഹാം, ആഞ്ഞിലിമൂട്ടിൽ | 400 |
| 113 | ജോൺ കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 500 |
| 114 | ജോർജ് വർഗീസ്, തറികുന്നിൽ | 1000 |
| 115 | തോമസ് മാത്യു, ഒറ്റപ്ലാമൂട്ടിൽ | 100 |
| 116 | മേരി തോമസ്, ചേച്ചാകുന്നിൽ | 1000 |
| 117 | ജേക്കബ് കുര്യൻ ആഞ്ഞിലിമൂട്ടിൽ | 300 |
| 118 | മേരി രാജു, ആഞ്ഞിലിമൂട്ടിൽ | 750 |
| 119 | സാബു ജേക്കബ്, താഴികയിൽ | 1000 |
| 120 | ജോൺ തോമസ്, ഇലവുങ്കൽമലയിൽ | 1000 |
| 121 | അന്നമ്മ വർഗീസ്, തറികുന്നിൽ | 2000 |
| 122 | കോശി വർഗീസ്, തറികുന്നിൽ | 550 |
| 123 | അന്നമ്മ മാത്യു, ചക്കാലയിൽ | 1000 |
| 124 | ജോൺ മാത്യു, ചക്കാലയിൽ സഞ്ജുവില്ല | 1000 |
| 125 | കെ.കെ. കുരുവിള, കുളങ്ങര സാജൻവില്ല | 1500 |
| 126 | റ്റി.വി. വർഗീസ്, തറികുന്നിൽ | 500 |
| 127 | വി.എ. ജോൺ ആഞ്ഞിലിമൂട്ടിൽ | 750 |
| 128 | ചിന്നമ്മ അലക്സാണ്ടർ, കരിപ്പക്കുഴിയിൽ | 500 |
| 129 | സാറാമ്മ മാത്യുക്കുട്ടി, ഈട്ടിയ്ക്കൽ | 1100 |

| | | |
|---|---|---|
| 130 | ജിജി ജേക്കബ്, കരിപ്പക്കുഴിയിൽ | 600 |
| 131 | കെ.എ. ജോൺ, കാലാപ്പറമ്പിൽ | 400 |
| 132 | സിസി വർക്കി, കോട്ടയ്ക്കപ്പറമ്പിൽ | 200 |
| 133 | ഡോ. മാത്യു ജോൺ, വല്ലേട്ട് | 3000 |
| 134 | സാജൻ പോൾ, സി.ഡി. സദനം | 500 |
| 135 | സി. ജേക്കബ്, താഴികയിൽ | 2000 |
| 136 | അന്നമ്മ ഉമ്മൻ, ഈട്ടിയ്ക്കൽ | 400 |
| 137 | ഇ.റ്റി. കോരുള, ഇലവുങ്കൽമലയിൽ | 1000 |
| 138 | റെജി എം. വർക്കി, ഈട്ടിയ്ക്കൽ | 1000 |
| 139 | വർഗീസ് ജോർജ്, അമ്പാട്ടുകുന്നേൽ | 100 |
| 140 | തോമസ് മാത്യു ഒറ്റപ്ലാമൂട്ടിൽ | 100 |
| 141 | രാജീവ് മോൻസി വർക്കി ഈട്ടിയ്ക്കൽ | 100 |
| | മറിയാമ്മ ചാക്കോ, ചാത്തനാട്ട് | 200 |
| | **7 –ാം വാർഡ്** | |
| 139 | തോമസ്കുട്ടി എ.കെ. ആഞ്ഞിലിമൂട്ടിൽ | 700 |
| 140 | കോശി മാത്യു, ഒറ്റപ്ലാമൂട്ടിൽ | 100 |
| 141 | ഏലിയാമ്മ ചെറിയാൻ, നടുപ്പറമ്പിൽ | 140 |
| 142 | റ്റി.റ്റി. പോത്തൻ, തുരുത്തുമല | 600 |
| 143 | ജോൺ യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 300 |
| 144 | മാത്യു യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 1000 |
| 145 | കോശി യോഹന്നാൻ , തുരുത്തുമല തകിടിയിൽ | 600 |
| 146 | ഷാജി പുന്നൂസ്, മംഗലത്ത് | 800 |
| 147 | സാബു ഏബ്രഹാം, തുരുത്തുമല | 1200 |
| 148 | റേച്ചൽ വർഗീസ് മുണ്ടയ്ക്കൽമലയിൽ | 400 |
| 149 | വി.എം. സഖറിയ, വടശ്ശേരിൽ | 400 |
| 150 | ജിജി എം. സഖറിയ, വടശ്ശേരിൽ | 2000 |
| 151 | ജോൺ ഏബ്രഹാം, തുരുത്തുമല തകിടിയിൽ | 550 |
| 152 | ജോർജ് ഏബ്രഹാം തെക്കേക്കുറ്റ് തകിടിയിൽ | 1000 |
| 153 | ലിജോ കോശി, നടുപ്പറമ്പിൽ | 100 |
| 154 | എം.പി. ഫിലിപ്പ്, മംഗലത്ത് | 200 |
| 155 | എം.പി. പുന്നൂസ്, മംഗലത്ത് | 200 |
| 156 | പി.കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 800 |
| 157 | അലക്സാണ്ടർ കുര്യൻ | 50 |
| 157 | റ്റി.സി. മാത്യു, തൈപ്പറമ്പിൽ | 100 |
| 158 | അഭ്യുദയകാംക്ഷി | 1000 |
| | **ആകെ** | **142800** |







# ബംഗാൾ മിഷൻ

പ്രാർത്ഥിക്കുക ... സഹകരിക്കുക ... പങ്കാളികളാകുക ...

**മുണ്ടിയപ്പള്ളി സി.എസ്.ഐ. സഭ തൃതീയ സുവർണ്ണജൂബിലി സ്മാരക മിഷൻ ഫീൽഡ്**

# ഓണവാരം




കടമാൻകുളം ജംഗ്ഷൻ



മൈലമൺ കോളനി - ഭവന സന്ദർശനം



കുന്നന്താനം
സാൽവേഷൻ ആർമി കോമ്പൗണ്ട്



# സ്നേഹ വിരുന്ന്





## സി.എസ്.ഐ.
## ദിനാഘോഷ ഞായർ









## വയോജന ഞായർ












## സ്ത്രീജനസഖ്യ ആദ്യഫലം







- ആദ്യഫല പെരുന്നാൾ ആരാധന
- പ്രഭാത ഭക്ഷണം
- ഉച്ചഭക്ഷണം
- വിവിധ സ്റ്റാളുകൾ
- ആദ്യഫല സാധനങ്ങളുടെ ലേലം

# ആദ്യഫല പെരുന്നാൾ

## ഡിസംബർ 15, 8 a.m

**ഡിസംബർ 14, 8.00 a.m മുതൽ**
**ആദ്യഫലസാധന ശേഖരണം – ഭവനങ്ങൾ സന്ദർശിക്കുന്നു**

പ്രാർത്ഥിക്കുക ..... പങ്കെടുക്കുക ..... സഹകരിക്കുക .....

# പിറന്നാൾ സ്തോത്രം

## നവംബർ– ഡിസംബർ

***On your Birthday we wish you all many happy returns of the day***

നവംബർ

| | | |
|---|---|---|
| 1. | ജോജോ സഖറിയ | - തുണ്ടിയിൽ |
| | ജിജു ഏബ്രഹാം | - മൈലയ്ക്കൽ |
| | ജിജി സൂസൻ ജോൺസൺ | - തൈപ്പറമ്പിൽ |
| | രഞ്ജി പി. ജോർജ്ജ് | - കൊച്ചുതുണ്ടിയിൽ |
| | എയിഡൻ ഫിലിപ്പ് റോജി | - ഈട്ടിക്കൽ |
| 2. | വർഗ്ഗീസ് ജോൺ | - കോടംപള്ളിൽ എബനേസർ വില്ല |
| | അൽവിനാ ആൻ ഏബ്രഹാം | - നെല്ലിമൂട്ടിൽ |
| 3. | എൽസൻ സാം മാത്യു | - മൈലയ്ക്കൽ |
| 4. | വർഗ്ഗീസ് റ്റി. കുരുവിള | - തൈപ്പറമ്പിൽ |
| | റോയി എസ്. കുര്യൻ | - മുണ്ടയ്ക്കൽ മലയിൽ |
| | ഏബൽ ജെബു വർഗ്ഗീസ് | - വടക്കേമുണ്ടക്കൽ |
| | കെ.റ്റി. വർക്കി | - കൊച്ചുതുണ്ടിയിൽ |
| 5. | ചാക്കോ ജേക്കബ് | - താഴികയിൽ |
| | ബെറിൽ റെൻസൺ | - ഒറ്റപ്ലാമൂട്ടിൽ |
| 6. | ജോൺ ജേക്കബ് | - കച്ചിറ |
| | സോണി മേരി വിനു | - കൊച്ചുപുരയ്ക്കൽ |
| 7. | റ്റിജോ തോമസ് | - പാറയിൽ അക്കരപ്പറമ്പിൽ |
